<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4227</u> <u>06-03-2023 - ൽ മറുപടിയ്ക്ക്</u>

<u>നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കായികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവൃത്തികൾ നിയോജകമണ്ഡല ആസ്തി വികസന നിധി വിനിയോഗിച്ച് സ്പോർട്സ് കേരളാ ഫൗണ്ടേഷൻ മുഖേന നിർവ്വഹണം നടത്തുന്നതിന് സാധിക്കുമോ; ഇതിനായി ഏത് ശീർഷകത്തിൽ നിന്നും തുക വകയിരുത്തിയാണ് ഭരണാനുമതി നൽകുന്നതെന്നും കായിക വകുപ്പ് ഡയറക്ടർ, ചീഫ് എൻജിനീയർ, സ്പോർട്സ് കേരളാ ഫൗണ്ടേഷൻ എന്നിവരിൽ ആരാണ് നിർവ്വഹണോദ്യോഗസ്ഥനെന്നും ടി പ്രവൃത്തികൾ ഒറിജിനൽ പ്രവൃത്തികളായാണോ ഡെപോസിറ്റ് പ്രവൃത്തികളായാണോ നിർവ്വഹണം നടത്തുന്നത് എന്നും അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ? | (എ) | നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന ഗ്രാമീണ കളി സ്ഥല പദ്ധതിയ്ക്കായി തദ്ദേശ സ്ഥാപന ഫണ്ട്/ CSR ഫണ്ടുകൾ/ പൊതു സ്വകാര്യ പങ്കാളിത്തം (PPP)/ മറ്റ് സർക്കാർ വിഹിതം എന്നിവയോടൊപ്പം ചേർത്തുകൊണ്ട് ഉപയോഗിക്കാം എന്ന് 13.06.2022 ലെ സ.ഉ(അച്ചടി) നം.65/2022/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. ഒരു കളിസ്ഥലത്തിനായി നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപ വരെ വിനിയോഗിക്കാം. പദ്ധതിയുടെ 50% തുക സർക്കാർ വിഹിതവും ബാക്കി 50% ആസ്തി വികസന ഫണ്ട് / തദ്ദേശ സ്ഥാപന ഫണ്ട് / CSR ഫണ്ടുകൾ / പൊതു സ്വകാര്യ പങ്കാളിത്തം (PPP) എന്നിവയിൽ നിന്നോ സമാഹരിക്കാം. പ്രവൃത്തിയുടെ നിർവ്വഹണം, ചെലവ് ശീർഷകം എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ